നികുതി പിരിക്കുന്നതിനുള്ള കാലതാമസംമൂലം നഷ്ടപ്പെട്ട തുക

*10 [661] *പ്രൊഫ. കെ വി. തോമസ്:*

ശ്രീ. ബി. വിജയകുമാർ:

„ എം. എം. ഹസ്സൻ:

ശ്രീമതി രാധാരാഘവൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രവേശന നികുതി ചുമത്തിയത് ഏതെല്ലാം ചരക്കുകൾക്കായിരുന്നു;

(ബി) ഇതിൽ ഏതെല്ലാം ചരക്കുകളുടെ കാര്യത്തിൽ നികുതി പിരിക്കുന്നതിന് രാഷ്ട്രപതിയുടെ അനുമതി ആവശ്യമാണ്; പ്രസ്തുത അനുമതിക്ക് വേണ്ടി നടപടിയെടുത്തതെന്നാണ്;

(സി) ഇക്കാര്യത്തിൽ നടപടിയെടുക്കുവാൻ കാലതാമസം വന്നതെന്തുകൊണ്ടാണ്; തന്മൂലം എത്ര തുകയ്ക്കുള്ള പ്രവേശന നികുതി പിരിച്ചെടുക്കുവാൻ സാദ്ധ്യമാകാതെ വന്നുവെന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രവേശന നികുതി ചുമത്തിയത് താഴെ പറയുന്ന ഉൽപ്പന്നങ്ങൾക്കായിരുന്നു.

1. എല്ലാവിധ ഫോട്ടോഗ്രാഫിക് പ്രോസസിംഗ് യൂണിറ്റുകളും അവയുടെ അനുബന്ധ ഉപകരണങ്ങളും.
2. ഓപ്റ്റിക്കൽ ഫൈബർ കേബിൾ.
3. മൊബൈൽ ഫോൺ.
4. വാഹനങ്ങളിലെ മലിനീകരണം അളക്കുന്നതിനുള്ള ഉപകരണങ്ങൾ.
5. വെള്ള സിമന്റ്.
6. വൈദ്യുതി കൊണ്ടോ, മെക്കാനിക്കൽ പവർ കൊണ്ടോ ഹൈഡ്രോളിക് പവർ കൊണ്ടോ പ്രവർത്തിപ്പിക്കുന്ന ലിഫ്റ്റ്, എസ്ക്കലേറ്റർ, എലിവേറ്റർ എന്നിവ.
7. നോട്ട് എണ്ണുന്നതിനുള്ള മെഷീനുകൾ.

LIBRARY ARCHIVES Kerala Legislative Assembly

8. പാസ്ച്ചറൈസ്ഡ് ടോൺഡ് റീ കോൺസ്റ്റിറ്റ്യൂട്ടഡ് എന്നിവ ഉൾപ്പെടുന്ന പാൽ.

9. സ്റ്റീം ബോയ്ലർ.

10. വി-സാറ്റ് ആന്റിന, ഡിഷ് ആന്റിന, സിഗ്നൽ ട്രാൻസ്മിഷൻ ഉപകരണങ്ങൾ.

11. ടെലി കമ്മ്യൂണിക്കേഷൻ കേബിൾ.

12. ഇരുമ്പിലോ, സ്റ്റീലിലോ അല്ലാതെയുള്ള വാതിലുകളും ജനലുകളും

13. ഇരുമ്പിലോ, സ്റ്റീലിലോ നിർമ്മിച്ച ജനലുകളും വാതിലുകളും

14. പൊളിച്ചെടുത്തതുൾപ്പെടെയുള്ള ട്രാൻസ്മിഷൻ ടവറുകൾ.

15. ഗ്രാനൈറ്റ് ആർട്ട് ഫിലിം.

16. എക്സറേയും, സി. റ്റി. സ്കാൻ ഫിലിമും.

(ബി) ഇതിന് രാഷ്ട്രപതിയുടെ അനുമതി ആവശ്യമില്ല.

(സി) ചോദ്യം ബാധകമല്ല.

വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

*11 [662] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ വി. കെ. ചന്ദ്രൻ:

„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ;

(സി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് വനഭൂമി വിട്ടുതരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമിക്കുപകരം വനവൽക്കരണം നടത്താത്തതുമൂലം വനഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly